# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 3422**

**29.01.2014-ൽ മറുപടിയ്ക്ക്**

## "അറവുശാലകളുടെ പ്രവർത്തനം"

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | അറവുശാലകളിൽ മൃഗങ്ങളെ തലയ്ക്കടിച്ചു കൊല്ലുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മൃഗങ്ങളെ തലയ്ക്കടിച്ചു കൊല്ലുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അറവുശാലകൾ നവീകരിക്കുന്നതിനും മൃഗങ്ങളെ ശാസ്ത്രീയ രീതിയിൽ Captive bolt pistol ഉപയോഗിച്ച് കൊല്ലുന്നതിനുമുള്ള പരിശീലനം അറവുശാല ജോലിക്കാർക്ക് നൽകുന്നതിനുമുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | അറവുശാലകളുടെ അനുമതിക്കായി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഭാരത സർക്കാരിന്റെ 26.03.2001-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് (പകർപ്പ് അനുബന്ധമായി വയ്ക്കുന്നു) |
| (സി) | നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് എത്ര അറവുശാലകൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്തുകളിൽ 34 അറവുശാലകൾ പ്രവർത്തിക്കുന്നു |
| (ഡി) | മൃഗങ്ങളെ കശാപ്പുചെയ്ത് ഭീതിയും അറപ്പും ഉളവാക്കുന്ന രീതിയിൽ അറവുശാലകളിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പ്രവർത്തിക്കുന്നതിനെതിരെ | (ഡി) | ഉണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതിനെതിരായി കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. കശാപ്പ് ചെയ്യുന്ന സ്ഥലത്ത് ഇറച്ചി വിൽപ്പന നടത്താൻ തദ്ദേശ |

കോടതിവിധി ഉണ്ടായിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്നും എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നും വ്യക്തമാക്കുമോ ?

സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കരുതെന്നും പൊതുജനം കാണത്തക്കവിധം പൊതുസ്ഥലങ്ങളിലോ റോഡിന്റെ വശങ്ങളിലോ താൽക്കാലിക ഷെഡ്ഡുകളിലോ ഇറച്ചി വിൽപ്പനയ്ക്കായി അസഹ്യമുളവാക്കും വിധം പ്രദർശിപ്പിക്കരുതെന്നും ഉത്തരവായിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ചട്ടങ്ങൾ) 40(12) പ്രകാരം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാകത്തക്കവിധം പ്രദർശിപ്പിക്കുകയോ തുറന്ന് വയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. അപ്രകാരം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാകത്തക്കവിധത്തിൽ പ്രദർശിപ്പിക്കുന്ന പക്ഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ്ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40 (ബി) പ്രകാരം ഗ്രാമപഞ്ചായത്തിന് ലൈസൻസ് റദ്ദാക്കാവുന്നതും, ചട്ടം 41 പ്രകാരം ചട്ട ലംഘനത്തിന് ഏതൊരാളും ഒരു മജിസ്ട്രേറ്റിന് മുമ്പാകെ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപയിൽ കൂടാത്ത പിഴയ്ക്കും വിധേയനായിരിക്കുന്നതുമാണ്. കൂടാതെ എല്ലാ ജില്ലാകളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം വിനിയോഗിക്കുന്ന മറ്റ് അധികാര കേന്ദ്രങ്ങൾക്കും ക്രിമിനൽ നടപടി ക്രമം അനുസരിച്ചും എല്ലാ പോലീസ് ഓഫീസർമാർക്കും കേരള പോലീസ് ആക്ട് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്